കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

(1956-ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം) CIN :U40100KL2011SGC027424

ചീഫ് എഞ്ചിനീയർ (PROJECTS) &
ചീഫ് സേഫ്റ്റി കമ്മീഷണറുടെ കാര്യാലയം

ഊർജ്ജ കേരള മിഷൻ

രജി. ഓഫീസ് : വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം - 695 004, കേരള

ഫോൺ +91 9446008137, ഇ-മെയിൽ : safetykseb@gmail.com, വെബ് സൈറ്റ് : www.kseb.in

നമ്പർ:- സ്റ്റേറ്റ് ലെവൽ സേഫ്റ്റി കമ്മിറ്റി മീറ്റിംഗ് മിനിട്ട്സ്/2024-25/ 68 തീയതി: 20 /11/2024

26-10-2024-ന പകൽ 10..30 ന തിരുവനന്തപുരം വൈദ്യുതി ഭവനിലെ 9 ആം നിലയിലെ കോൺഫറൻസ് ഹാളിൽ On Line ആയി കൂടിയ പത്തൊമ്പതാമതത് സംസ്ഥാന തല സുരക്ഷാ കമ്മിറ്റി യോഗത്തിന്റെ നടപടിക്കുറിപ്പ്

പങ്കെടുത്തവർ

(1) ശ്രീ.പ്രസാദ്.വി.എൻ, ചീഫ് എഞ്ചിനീയർ (പ്രോജെക്ട്സ്) & ചീഫ് സേഫ്റ്റി കമ്മീഷണർ

(2) ശ്രീ .വിനോദ്.ജി, ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് .

(3) ശ്രീ.രാജേഷ്.ഡി.എസ്, ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ (ഡിസ്ട്രിബ്യൂഷൻ, സൗത്ത്)

(4) ശ്രീമതി.ഷീബ.പി, ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ (ഡിസ്ട്രിബ്യൂഷൻ, സെൻട്രൽ)

(5) ശ്രീ.സുരേഷ്.എ, ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ (ഡിസ്ട്രിബ്യൂഷൻ നോർത്ത്)

(6) ശ്രീ.കൃഷ്ണ കുമാർ.കെ.എസ്, ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ (ഡിസ്ട്രിബ്യൂഷൻ നോർത്ത് മലബാർ)

(7) ശ്രീ.ഡേവിഡ്സൺ .സി, ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ (ട്രാൻസ്മിഷൻ സൗത്ത്)

(8) ശ്രീ മതി.റുഖിയ.പി.എം, ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ (ട്രാൻസ്മിഷൻ നോർത്ത്)

(9) ശ്രീ.മനോജ് ഗോപാൽ.എൽ , ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ (ജനറേഷൻ)

(10) ശ്രീ റാം മഹേഷ്.ആർ, ചീഫ് പേഴ്സണൽ ഓഫീസർ.

(11) ശ്രീമതി.രേഖ ആർ ചന്ദ്രൻ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, ട്രാൻസ്മിഷൻ സൗത്ത് ചീഫ് എഞ്ചിനീയറുടെ കാര്യാലയം.

(12) ശ്രീമതി.മഞ്ജു എസ് ദേവ്,എക്സിക്യൂട്ടീവ് എൻജിനീയർ, ചീഫ് സേഫ്റ്റി കമ്മീഷണറുടെ കാര്യാലയം

(13) ശ്രീ സജീവ് കുമാർ .M P , KSEBWA പ്രതിനിധി

(14) ശ്രീ .ലിജീഷ്.എൻ.കെ , KSEBWA പ്രതിനിധി

(15) ശ്രീ .ഹരികുമാർ.വി.പി, KSEBOA പ്രതിനിധി

(16) ശ്രീ .ജയ പ്രകാശ്, KSEBOA പ്രതിനിധി

(17) ശ്രീ.വിജി പ്രഭാകരൻ, KSEBEA പ്രതിനിധി

(18) ശ്രീ. സുബ്രഹ്മണ്യൻ.കെ.കെ, KSEBOF പ്രതിനിധി

(19) ശ്രീ. സുഭാഷ്, KOWO പ്രതിനിധി

(20) ശ്രീ.ആനന്ദ്.കെ.എസ്, KEOC പ്രതിനിധി

(21) ശ്രീ അജയ് ശ്രീഹർഷൻ, അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയർ, ചീഫ് സേഫ്റ്റി കമ്മീഷണറുടെ കാര്യാലയം

(22) ശ്രീ. മുഹമ്മദ് ഷാം.ബി, അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയർ, ചീഫ് സേഫ്റ്റി കമ്മീഷണറുടെ കാര്യാലയം

(23) ശ്രീ അനന്തകൃഷ്ണൻ എം ജി, അസിസ്റ്റൻറ് എൻജിനീയർ, ചീഫ് സേഫ്റ്റി കമ്മീഷണറുടെ കാര്യാലയം

(24) ശ്രീമതി ഫാത്തിമാ ബീവി. എ, അസിസ്റ്റൻറ് എൻജിനീയർ, ചീഫ് സേഫ്റ്റി കമ്മീഷണറുടെ കാര്യാലയം

ചീഫ് സേഫ്റ്റി കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ രാവിലെ 10.30 ന On Line ആയി സ്റ്റേറ്റ് ലെവൽ സേഫ്റ്റി കമ്മിറ്റി യോഗനടപടികൾ ആരംഭിച്ചു.

- അദ്ധ്യക്ഷൻ മീറ്റിങ്ങിൽ പങ്കെടുത്ത എല്ലാ ഓഫീസർമാരെയും കമ്മിറ്റി അംഗങ്ങളെയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു. ചില അസൗകര്യങ്ങൾ ഉള്ളതിനാൽ ബഹു.ഡയറക്ടർക്ക് (ഡിസ്ട്രിബ്യൂഷൻ , എസ് സി എം & സേഫ്റ്റി)പങ്കെടുക്കാൻ സാധിക്കില്ല എന്ന് അദ്ധ്യക്ഷൻ അറിയിച്ചു. പതിനെട്ടാമത് സ്റ്റേറ്റ് ലെവൽ സേഫ്റ്റി കമ്മിറ്റി മീറ്റിംഗ് കൂടിയത് 03.07.2024 ന് ആണ്. മീറ്റിംഗ് റിവ്യു പീരിഡിൽ നടന്ന വൈദ്യുത അപകടത്തിൻറെ എണ്ണം മുൻ വർഷവുമായി താരതമ്യം ചെയ്യുമ്പോൾ വളരെയധികം കൂടുതലാണ്. അതിനാൽ അടിയന്തിരമായി കരാർ ജീവനക്കാർ ഉൾപ്പെടെ എല്ലാ ഫീൽഡ് ജീവനക്കാർക്കും അര ദിവസത്തെ refreshment ക്ലാസ്സ് നൽകിയതായും ചീഫ് സേഫ്റ്റി കമ്മിഷണർ പറഞ്ഞു. KSEBL ൻറെ Safety Policy and Safety Proceedure (വിതരണ മേഖല) അനുസരിച്ചല്ല വർക്ക് ചെയ്യുന്നത് അതുകൊണ്ടാണ് അപകടങ്ങൾ സംഭവിക്കുന്നതെന്നാണ് അപകടങ്ങൾ വിശകലനം ചെയ്യുമ്പോൾ മനസ്സിലാകുന്നത് , അതിനാൽ എല്ലാപേരും safety proceedure & safety policy അനുസരിച്ച് സുപ്പർവൈസർ മാരുടെ അനുവാദത്തോടെയും അറിവോടെയും മാത്രമേ വർക്ക് ചെയ്യുവാൻ പാടുള്ളൂ എന്ന് നിഷ്കർഷിക്കുകയും, safety proceedure ൽ മാറ്റങ്ങൾ വരുത്തണമെന്ന് പല കോണുകളിൽ (ഫീൽഡ് ഉദ്യോഗസ്ഥർ) നിന്നും ആവശ്യം ഉയർന്നിട്ടുണ്ട്, ഇതുമായി ബന്ധപ്പെട്ട് ഒരു കമ്മിറ്റി ബോർഡ് തലത്തിൽ രൂപീകരിച്ചിട്ടുണ്ട് എന്നും ചീഫ് സേഫ്റ്റി കമ്മിഷണർ കൂട്ടിച്ചേർത്തു. സുരക്ഷയ്ക്ക് കുറച്ചുകൂടി പ്രാധാന്യം

കൊടുക്കുവാനായി സുരക്ഷാ വിഭാഗത്തെ കുറച്ചുകൂടി കാര്യക്ഷമമാക്കുന്നതിന് വേണ്ടിയുള്ള ഒരു കുറിപ്പ് (Restructuring Safety wing) ബോർഡിലേയ്ക്ക് നൽകിയിട്ടുണ്ടെന്നും വാഹന സൗകര്യം കൂടി വേണമെന്ന് അതിൽ ശുപാർശചെയ്തിട്ടുണ്ടെന്നും അദ്ധ്യക്ഷൻ പറഞ്ഞു.

ശ്രീ വിനോദ്.ജി ,ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ

- അപകടത്തിന്റെ തോത് മുൻവർഷവുമായി താരതമ്യം ചെയ്യുമ്പോൾ വളരെ യധികം കൂടുതലാണ്, അതിൽ നോർത്ത് റീജിയനിൽ ആണ് ഏറ്റവും കൂടുതൽ. ലോഹത്തോട്ടി ഉപയോഗിക്കുമ്പോൾ ഉണ്ടാകുന്ന അപകടങ്ങളുടെ എണ്ണം കൂടുന്നതിനാൽ പൊതു ജനങ്ങൾക്ക് awareness ക്ലാസ്സ് നൽകേണ്ടതുണ്ടെന്ന് പറഞ്ഞു.
- ട്രാൻസ്ഫോർമർ സെക്കന്ററിയിൽ സർക്യൂട്ട് ബ്രേക്കർ സ്ഥാപിച്ചാൽ കമ്പി പൊട്ടി വീണുണ്ടാകുന്ന അപകടങ്ങളുടെ എണ്ണം കുറയ്ക്കുവാൻ സാധിക്കും
- ഉപഭോക്താവിന്റെ പ്രിമിസസിൽ ELCB നിർബന്ധമായും സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട ശുപാർശ സർക്കാരിനു നൽകിയിട്ടുണ്ട്.
- power policy യിൽ safety wing ശക്തിപ്പെടുത്തണം എന്ന് ശുപാർശ ചെയ്തിട്ടുണ്ട്.
- ഇനി വരുന്ന മാസങ്ങളിൽ അപകടം കുറയ്ക്കുന്നതിനുള്ള കൂടുതൽ നടപടികൾ എടുക്കണം എന്നും നിർദ്ദേശിച്ചു.
- സേഫ്റ്റി ഓഫീസർമാർക്ക് മറ്റ് supervision ൻറെ ചാർജ് കൊടുക്കുന്നതുമൂലം അവർക്ക് effective ആയി പ്രവർത്തിക്കാൻ കഴിയില്ല.

ശ്രീ സജീവ് കുമാർ, KSEB WA പ്രതിനിധി

- പത്തനാപുരം സെക്ഷനിൽ 24.07.2023 ൽ ഉണ്ടായ അപകടത്തിൽ ഇലക്ട്രിക്കൽ ഇന്സ്പെക്ട്ടരുടെ നിർദ്ദേശാനുസരണം പോലീസ്, സെക്ഷനിലെ അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകിയ നോട്ടീസിൽ, വർക്ക് ചെയ്ത അപകടത്തിൽപ്പെട്ടയാൾക്ക് വർക്ക് ചെയ്യുന്നതിനുള്ള ലൈസൻസ്/പെർമിറ്റ് ഉണ്ടോ എന്ന് പരാമർശമുണ്ട്. അപകടം നടക്കുമ്പോൾ ജീവനക്കാരനെതിരെ കേസ് എടുക്കുന്നതും, വർക്ക് ചെയ്യിപ്പിച്ച ഉദ്യോഗസ്ഥനെതിരെ CEA regulation പ്രകാരം ആക്ഷൻ എടുക്കുന്നതും അവരുടെ മനോവീര്യം കെടുത്തും. 1956 ലെ IE Rules ൽ ലൈസൻസ് വേണമെന്ന് നിഷ്കര്ഷിക്കുന്നു. 1959 ൽ കേരള സർക്കാർ തന്നെ അതിന് exemption കൊടുത്തിട്ടുള്ളതാണ്. ഇത്

നിലനിൽക്കുമ്പോൾ ജീവനക്കാർക്കെതിരെ കേസെടുക്കുന്നത് ശരിയായ നടപടിയല്ല.

ശ്രീ. ജയപ്രകാശ്, KSEBOA പ്രതിനിധി

- 1956 ലെ നിയമ പ്രകാരം വൈദ്യുതി പ്രതിഷ്ഠാപനത്തിൽ ജോലി ചെയ്യുന്നവർക്ക് ലൈസെൻസ് വേണം എന്ന clause ന് ഇലക്ട്രിസിറ്റി ബോർഡിനു exemption നൽകിയിട്ടുള്ളതാണ്. qualification നോക്കിയിട്ടാണ് ബോർഡ് recruit ചെയ്യുന്നത്. നിയമത്തിന്റെ വ്യാഖ്യാനത്തിൻറെ പ്രശ്നം ആണ്. പത്തനാപുരത്ത് ഉണ്ടായത് പോലെയുള്ള പരാമർശങ്ങൾ തുടർന്നാൽ നമ്മുടെ നാട്ടിൽ ഉപഭോക്താക്കൾക്ക് സപ്ലൈ കൊടുക്കാൻ ആളില്ലാത്ത അവസ്ഥയുണ്ടാകും.

ശ്രീ. വിനോദ്.ജി ,ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ

- പത്തനാപുരം ആക്സിഡന്റ്റ് റിപ്പോർട്ട് CEA Regulation പ്രകാരം ശരിയാണ്. ജീവനക്കാരെ ബോർഡിൽ നിയമിക്കുന്നത് qualification ൻറെ അടിസ്ഥാനത്തിലാണ് ആയതിനാൽ അവർക്ക് പ്രത്യേകിച്ച് പെർമിറ്റ് ആവശ്യമില്ല എന്ന രീതിയിൽ ബോർഡ് സർക്കാരിലേയ്ക്ക് കത്ത് നൽകി ഓർഡർ വാങ്ങുകയോ അല്ലെങ്കിൽ ഇൻസ്പെക്ടറേറ്റിലേയ്ക്ക് കത്ത് നൽകുകയാണെങ്കിൽ ഇൻസ്പെക്ടറേറ്റിൽ നിന്നും സർക്കാരിലേയ്ക്ക് എഴുതാം എന്നും അറിയിച്ചു..

ചീഫ് സേഫ്റ്റി കമ്മിഷണർ

- 2018-19 കാലഘട്ടത്തിൽ ഇത് ഗവന്മെന്റിൽ ടേക്ക് അപ്പ് ചെയ്തിട്ടുണ്ട്. അത് അവിടെ നിന്നും ഇലക്ട്രിക്കൽ ഇന്സ്പെക്ടറേറ്റിലേയ്ക്ക് അഭിപ്രായത്തിനുവേണ്ടി നല്കിയിട്ടുണ്ടെന്നാണ് അറിയുന്നത്. നിയമം quote ചെയ്ത റിപ്പോർട്ട് ആകുമ്പോൾ പോലീസ് ആ രീതിയിൽ നടപടി എടുക്കും. ആയതിനാൽ ഇലക്ട്രിക്കൽ ഇന്സ്പെക്ടറേറ്റിൻറെ ഭാഗത്തുനിന്നും അടിയന്തിര ഇടപെടലുകൾ ഉണ്ടാകണം.

ചീഫ് സേഫ്റ്റി കമ്മീഷണറുടെ കാര്യാലയത്തിലെ അസിസ്റ്റൻറ് എൻജിനീയർ ശ്രീ അനന്തകൃഷ്ണൻ അപകടങ്ങളെയും സുരക്ഷാ പ്രവർത്തനങ്ങളെയും സംബന്ധിച്ച പവർ പോയിൻറ് പ്രസന്റേഷൻ അവതരിപ്പിച്ചു.

ശ്രീ.രാജേഷ്.ഡി.എസ്, ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ (ഡിസ്ട്രിബ്യൂഷൻ, സൗത്ത്)

- അടുത്ത വർഷമെങ്കിലും ട്രാൻസ്ഫർ ആൻഡ് പോസ്റ്റിങ്ങ് ഏപ്രിൽ, മേയ് മാസത്തോടുകൂടി

പൂർത്തിയാക്കണം. കാരണം ഇപ്പോൾ ട്രാൻസ്ഫറുകളും ഒപ്പം നാച്ചറൽ കലാമിറ്റിയും കൂടി ഒന്നിച്ച് വന്നപ്പോൾ സെക്ഷൻ ഓഫീസുകളിൽ വളരെയധികം ബുദ്ധിമുട്ട് ഉണ്ടാകുന്നു.

- പുതുതായി recruit ചെയ്ത് വന്നിട്ടുള്ള സബ് എഞ്ചിനീയർമാർക്ക് training നൽകണം.

ശ്രീമതി.ഷീബ.പി, ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ (ഡിസ്ട്രിബ്യൂഷൻ, സെൻട്രൽ)

- സേഫ്റ്റി ഓഫീസർമാർക്ക് awareness ക്ലാസ്സ് നൽകണം. അപ്പോൾ അവർക്ക് മറ്റു ജീവനക്കാർക്ക് awareness ക്ലാസ്സ് നൽകുവാൻ സാധിക്കും.

ശ്രീ.സുരേഷ്.എ, ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ (ഡിസ്ട്രിബ്യൂഷൻ നോർത്ത്)

- മീറ്റിംഗ് റിവ്യൂ കാലയളവിൽ മറ്റു മേഖലകളെ അപേക്ഷിച്ച് വടക്കൻ മേഖലയിൽ അപകടത്തിന്റെ എണ്ണം കൂടുതലാണ്, അതിൽ കൂടുതലും പൊതുജനത്തിനാണ് സംഭവിച്ചിട്ടുള്ളത്, പൊതുജനത്തിന് കൂടുതൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കണം.

- AAAC/AAC കണ്ടക്ടർ ഉപയോഗിച്ചുള്ള ലൈനുകൾ ഇപ്പോഴും പലയിടത്തും ഉണ്ട്.

  മീറ്റിംഗ് റിവ്യൂ കാലയളവിൽ തിരൂർ സർക്കിളിനു കീഴിൽ അപകടങ്ങൾ ഒന്നും ഉണ്ടായിട്ടില്ല. അതിനു അവർ പ്രത്യേകിച്ച് എന്തെങ്കിലും ചെയ്തിട്ടുണ്ടോ എന്ന് അന്വേഷിച്ചു അതുപോലെ മറ്റു സ്ഥലങ്ങളിലും ചെയ്യണം എന്ന് ചീഫ് സേഫ്റ്റി കമ്മിഷണർ അഭിപ്രായപ്പെട്ടു..

ശ്രീ.കൃഷ്ണ കുമാർ.കെ.എസ് , ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ (ഡിസ്ട്രിബ്യൂഷൻ നോർത്ത് മലബാർ)

- മീറ്റിംഗ് റിവ്യൂ കാലയളവിൽ ഉണ്ടായ അപകടങ്ങളെ കുറിച്ച് പറഞ്ഞു. ജീവനക്കാർക്ക് refreshment ക്ലാസ്സുകൾ നൽകിയതായി അറിയിച്ചു. പുതിയതായി (Newly Recruited) ജോയിൻ ചെയ്ത സബ് എഞ്ചിനീയർമാർക്ക് ട്രെയിനിംഗ് കിട്ടിയിട്ടില്ല എന്നും അതിനുള്ള നടപടി എടുക്കണം എന്നും അറിയിച്ചു.

- സുരക്ഷാ പരിശോധനകൾ കുറവാണെന്ന് അഭിപ്രായപ്പെട്ടു.

- തേക്ക് മരങ്ങൾ വലിയ സുരക്ഷാ ഭീഷണി ഉണ്ടാക്കുന്നു എന്ന് അറിയിച്ചു.

ശ്രീ.ഡേവിഡ്സൺ.സി , ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ (ട്രാൻസ്മിഷൻ സൗത്ത്)

- അപകടങ്ങളെ വിശകലനം ചെയ്യുമ്പോൾ മനസ്സിലാകുന്നത് overconfidence ഉം പെട്ടെന്ന് ചെയ്തു തീർക്കാൻ വേണ്ടി ധൃതിയിൽ വർക്ക് ചെയ്യുന്നതും ആണ് അപകടത്തിലേയ്ക്ക് നയിക്കുന്നത് എന്നാണ്.
- ജീവനക്കാർക്ക് ട്രെയിനിംഗുകൾ നൽകുകയും, ആ ട്രെയിനിങ്ങുകളിൽ സമാനമായ അപകടങ്ങൾ ഉണ്ടാകാതിരിക്കാൻ നേരത്തെ ഉണ്ടായിട്ടുള്ള അപകടങ്ങൾ വിശകലനം ചെയ്ത് അപകടങ്ങളുടെ കാരണങ്ങളെ കുറിച്ച് വിശദമായി ചർച്ച ചെയ്യുകയും വേണം.
- നോർത്ത് പറവൂറിൽ EV ചാർജിംഗിന് ഇടയ്ക്കുണ്ടായ അപകടത്തെ കുറിച്ച് സംസാരിച്ചു.

അടിയന്തിരമായി അവിടെ എന്തു സംഭവിച്ചു എന്ന് കണ്ടുപിടിക്കണം എന്ന് ചീഫ് സേഫ്റ്റി കമ്മിഷണർ നിർദ്ദേശിച്ചു.

ശ്രീമതി.റുഖിയ.പി.എം, ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ (ട്രാൻസ്മിഷൻ നോർത്ത്)

- മീറ്റിംഗ് റിവ്യൂ കാലയളവിൽ ഉണ്ടായ മാരകമല്ലാത്ത അപകടത്തെ കുറിച്ച് വിശദീകരിച്ചു.
- പൊതുജനത്തിന് കുറച്ചു കൂടി awareness നൽകേണ്ടതുണ്ട് എന്നും ആയതിനു ടച്ചിംഗ് എടുക്കുവാൻ പോകുന്ന സമയം ബിറ്റ് നോട്ടീസുകൾ നൽകാം എന്നും അറിയിച്ചു.

ശ്രീ. മനോജ് ഗോപാൽ.എൽ , ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ (ജനറേഷൻ)

- മീറ്റിംഗ് റിവ്യൂ കാലയളവിൽ അപകടം ഒന്നും ഉണ്ടായിട്ടില്ല എന്നും സുരക്ഷാ പരിശോധനകൾ കുറച്ചുകൂടി കര്യക്ഷമമാക്കാം എന്നും പറഞ്ഞു..

ചെയർമാൻ ആൻറ് മാനേജിംഗ് ഡയറക്ടറുടെ ജനറേഷൻ മേഖലയിലെ നിർമ്മാണവും നടത്തിപ്പുമായി ബന്ധപ്പെട്ട സർക്കുലർ follow ചെയ്യണമെന്ന് ചീഫ് സേഫ്റ്റി കമ്മിഷണർ നിർദ്ദേശിച്ചു, പ്രത്യേകിച്ച് tunnel ഉൾപ്പെടെയുള്ള നിർമ്മാണപ്രവർത്തനത്തിൽ.

ശ്രീ റാം മഹേഷ്, ചീഫ് പേഴ്സണൽ ഓഫീസർ

- മീറ്റിംഗ് റിവ്യൂ കാലയളവിൽ ഒരു കോടി 20 ലക്ഷത്തോളം രൂപ നഷ്ട പരിഹാരമായി നൽകി, അതിൽ കൂടുതലും പൊതുജനത്തിനാണ് നൽകിയത്, ആയതിനാൽ പൊതുജനത്തിന് ഇനിയും awareness നൽകണം . കൂടുതൽ അപകടങ്ങൾ ഉണ്ടാകുന്ന സ്ഥലങ്ങളിൽ കൂടുതൽ awareness നൽകണം .

- ആറ്റിങ്ങൽ വർക്കല സെക്ഷനിലുണ്ടായ അപകടത്തെ കുറിച്ച് പറയുകയും Workmen Compensation Act പ്രകാരം ആണ് നഷ്ടപരിഹാരം നൽകുന്നതെന്നും, കോൺട്രാക്ട് സ്റ്റാഫിന് Hospital Expenses നൽകുന്നതിന് നിലവിലെ ആക്ടിൽ പരിമിതികൾ ഉണ്ടെന്നും പറഞ്ഞു.

ശ്രീ സജീവ് കുമാർ, KSEB WA പ്രതിനിധി

- 29.10.2024 ന് എറണാകുളത്ത് അപകടങ്ങൾ എങ്ങനെ കുറയ്ക്കുവാൻ കഴിയും എന്നതിനെ കുറിച്ചുള്ള ഒരു സേഫ്റ്റി സെമിനാർ സംഘടന സംഘടിപ്പിക്കുന്നുണ്ട്, എല്ലാ മേഖലയിലും ഉള്ളവർ പങ്കെടുക്കുന്നുണ്ട് എന്ന് അറിയിച്ചു.

- വാർഡ് തലത്തിൽ സുരക്ഷാ സമിതി കൃത്യമായി പ്രവർത്തിച്ചാൽ അപകടങ്ങൾ കുറയും എന്ന് പ്രത്യാശിച്ചു.

- ഈ അടുത്ത കാലത്ത് പൊതുജനത്തിന്റെ ഇടയിൽ നിന്നും ഉള്ള പ്രഷർ കൂടുന്നുണ്ട് , അത് ജീവനക്കാരുടെ stress കൂട്ടുന്നു ,കൂടാതെ ജീവനക്കാരുടെ കുറവും സുരക്ഷ പാലിക്കാതെ ജോലി ചെയ്യുവാൻ ഇടയാക്കുന്നതിനാൽ അപകടങ്ങൾ കൂട്ടുന്നു. അതുകൊണ്ട് സുരക്ഷാവിഭാഗത്തിൽ നിന്നും നടപടി എടുക്കണം.

- സ്കൂൾ പാഠ്യപദ്ധതിയിൽ ഊർജ്ജസംരക്ഷണത്തിൻറെ കൂടെ സുരക്ഷ കൂടി ഉൾപ്പെടുത്തുവാനുള്ള നടപടി എടുക്കണം.

- സ്പെഷ്യൽ സേഫ്റ്റി വിംഗ് എത്രയും പെട്ടെന്ന് നടപ്പിലാക്കുകയും സുരക്ഷാ പരിശോധനകളുടെ എണ്ണം കൂട്ടുകയും വേണം.

- RDSS വർക്ക് turnkey ആയതിനാൽ materials ൻറെ quality ഉറപ്പുവരുത്തണം.

- സേഫ്റ്റി ടൂൾ കിറ്റ് ഇലക്ട്രിസിറ്റി വർക്കർമാർക്കും കൂടി നൽകണം എന്നുള്ളതിന് ഇതുവരെയും നടപടി ഉണ്ടായിട്ടില്ല.

- സുരക്ഷയുമായി ബന്ധപ്പെട്ട പരസ്യങ്ങൾ നൽകുന്നത് PRD വിഭാഗത്തിൽ നിന്നും ആയതുകൊണ്ട് അടുത്ത മീറ്റിംഗിൽ അവരെക്കൂടി ഉൾപ്പെടുത്തണം.

- ട്രാൻസ്ഫോർമർ ഡിസ്ട്രിബ്യൂഷൻ ബോക്സ് -മെറ്റൽ ബോക്സ് വയ്ക്കുവാനുള്ള നടപടി പുനപരിശോധിക്കണം.

- വർക്കല സെക്ഷനിലുണ്ടായ അപകടത്തെ കുറിച്ച് പറയുകയും ഇന്സ്പെക്ടിംഗ് ഓഫീസർമാരുടെ ഭാഗത്ത് നിന്നും വീഴ്ചകൾ ഉണ്ടായിട്ടുണ്ടെന്ന് അഭിപ്രായപ്പെടുകയും ചെയ്തു. ടി അപകടത്തിൽ ദിവസവേദന അടിസ്ഥാനത്തിൽ ജോലി ചെയ്ത വ്യക്തി അപകടം സംഭവിച്ച് ആശുപത്രിയിൽ കിടന്നതിൽ 3,80,000/- രൂപ ആശുപത്രിച്ചെലവായെന്നും, ആയതിനാൽ അയാൾക്ക് സഹായം നൽകുന്നതിനുള്ള നടപടികൾ KSEBL ൻറെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നും അഭിപ്രായപ്പെട്ടു.

ശ്രീ.ഹരികുമാർ.വി.പി, KSEBOA പ്രതിനിധി

- Repeated ആയിട്ടുള്ള അപകടം കുറയ്ക്കാൻ വേണ്ടി RDSS വർക്കുകൾ Construction Standard അനുസരിച്ച് ചെയ്യണം.
- ABC കണ്ടക്ടർ ഉപയോഗിച്ചുള്ള reconductoring വർക്കുകൾ സമയബന്ധിതമായി ചെയ്യുവാനുള്ള നടപടി എടുക്കണം.
- അനധികൃത ഇലക്ട്രിക് fencing വഴി ധാരാളം അപകടങ്ങൾ ഉണ്ടാകുന്നതിനാൽ അവ പരിശോധിക്കുന്നതിനായി APTS വിങ്ങിനെ നിയോഗിക്കുക
- സ്മാർട്ട് software ൽ കുറച്ച് മാറ്റങ്ങൾ വരുത്തി "സേഫ്റ്റി"യെ KPI റാങ്കിംഗുമായി ബന്ധിപ്പിക്കുന്നത് ഉചിതമായിരിക്കും
- Transfer policy യിൽ മാറ്റം വരുത്തണം അതായത് സെക്ഷൻ ഓഫീസുകളിൽ നിന്നും എല്ലാ ജീവനക്കാരെയും ഒന്നിച്ച് സ്ഥലം മാറ്റാതെ മൂന്നിൽ രണ്ട് ജീവനക്കാരെ മാത്രം റൊട്ടേഷൻ അനുസരിച്ച് മാറ്റുക.

SMART software ൽ എന്തൊക്കെ മാറ്റം വരുത്തണം എന്നുള്ളതിനെ കുറിച്ച് ഒരു proposal സംഘടനയുടെ ഭാഗത്തുനിന്നും ബോർഡിന് നൽകുവാൻ ചീഫ് സേഫ്റ്റി കമ്മിഷണർ നിർദ്ദേശിച്ചു.

ശ്രീ വിജി പ്രഭാകരൻ, KSEBEA പ്രതിനിധി

- ജീവനക്കാർക്ക് training നൽകുന്നത് HRIS മായി ബന്ധപ്പെടുത്തിയാൽ ആർക്കൊക്കെ training കിട്ടിയെന്നു അറിയുവാനും തുടർച്ചയായി ഒരേ വ്യക്തികൾക്ക് തന്നെ training കിട്ടുന്നത് ഒഴിവാക്കുവാനും സാധിക്കും.

- സ്പേസർ ഇടുന്നതുകൊണ്ട് അപകടങ്ങളുടെ എണ്ണം കുറയുന്നുണ്ടെങ്കിലും ലൈനുകൾ ABC കണ്ടക്ടർ ഉപയോഗിച്ച് മാറ്റി സുരക്ഷ കുറച്ചു കൂടി ensure ചെയ്താൽ കുറച്ചു കൂടി അപകടം കുറയും.

- ജീവനക്കാർക്കെതിരെ നടപടി എടുക്കുന്നതിനെതിരെ , ബോർഡ് എത്രയും പെട്ടെന്ന് സർക്കാരിലേയ്ക്ക് കത്ത് നൽകി ഉത്തരവു വാങ്ങാനുള്ള നടപടി സ്വീകരിക്കണം.

- ട്രാൻസ്ഫോർമർ ഡിസ്ട്രിബ്യൂഷൻ ബോക്സിൻറെ ആവശ്യകത വളരെയധികം ഉള്ളതിനാൽ സബ് ഡിവിഷൻ /ഡിവിഷൻ തലത്തിൽ വാങ്ങിയാൽ തികയില്ല , അതിനുള്ള നടപടി എടുക്കണം.

- ജനറൽ ട്രാൻസ്ഫറിൽ സെക്ഷൻ ഓഫീസുകളിൽ നിന്നും എല്ലാപേരെയും ഒരുമിച്ചു മാറ്റാതെ നിശ്ചിത അനുപാതത്തിൽ മാറ്റുവാൻ ശ്രദ്ധിക്കണം.

ശ്രീ. സുബ്രഹ്മണ്യൻ.കെ.കെ, KSEBOF പ്രതിനിധി

- ലോക്കൽ ബോഡി അടിസ്ഥാനത്തിൽ സുരക്ഷായോഗങ്ങൾ നടത്തണം.

- ജനറൽ ട്രാൻസ്ഫർ- സ്കൂൾ തുറക്കുന്നതിനു മുൻപ് പൂർത്തീകരിക്കുവാനുള്ള നടപടി സ്വീകരിക്കണം.

- ഫീൽഡിൽ പലയിടത്തും jio poles- ലൈനുമായി clearance ഇല്ലാതെ സ്ഥാപിച്ചിട്ടുണ്ട്, അത് അപകടം വരുത്തും, ആയതിനാൽ അത് ഒഴിവാക്കുന്നതിനുള്ള നടപടി എടുക്കണം.

- AAAC മാറ്റി ACSR കണ്ടക്ടർ ഉപയോഗിച്ചു ലൈൻ reconductorng പൂർത്തീകരിച്ചാൽ അപകടത്തിന്റെ എണ്ണം വളരെയധികം കുറയ്ക്കാൻ സാധിക്കും

- RDSS വർക്ക് turnkey ആയതിനാൽ materials ൻറെ quality ഉറപ്പുവരുത്തണം

- പുതിയതായി രൂപീകരിക്കുന്ന സുരക്ഷാ വിഭാഗത്തിൽ കൂടുതൽ technical staff നെ തന്നെ ഉൾപ്പെടുത്തേണ്ടതാണ്.

ശ്രീ. സുഭാഷ്, KOWO പ്രതിനിധി

- എല്ലായിടത്തും LT ABC യും PVC pole top ബോക്സും വ്യാപകമാക്കണം എന്നും materials standardisation ഉറപ്പാക്കണം എന്നും പറഞ്ഞു.

- പെർമനെന്റ് സ്റ്റാഫിനെ തന്നെ ഫീൽഡ് ജോലികൾക്കു നിയോഗിക്കണം.
- ടച്ചിങ്ങിന് AMC നൽകുന്നത് ഒഴിവാക്കുക ./ആദിവാസികളെ കൊണ്ട് ചെയ്യിപ്പിക്കുക
- ജീവനക്കാർക്കുണ്ടാകുന്ന മാനസിക സമ്മർദ്ദത്തിന് relaxation കിട്ടുന്നതിനു വേണ്ടി സെക്ഷൻ/സബ് ഡിവിഷൻ/ഡിവിഷൻ തലത്തിൽ get together സംഘടിപ്പിക്കുന്നത് നന്നായിരിക്കും.

ശ്രീ. ആനന്ദ്,കെ,എസ്, KEOC പ്രതിനിധി

- AAAC /കോപ്പർ കണ്ടക്ടർ പലയിടത്തും ഇപ്പോഴും ഉണ്ട്, ആയതിനാൽ reconductoring വർക്കിന് പ്രാധാന്യം നൽകുകയും materials ആവശ്യാനുസരണം ലഭ്യമാക്കുകയും ചെയ്യുക, അതുവഴി അപകടത്തിന്റെ എണ്ണം വളരെയധികം കുറയ്ക്കുവാൻ സാധിക്കും.
- നവമാധ്യമങ്ങൾ വഴിയും വാർത്താചാനൽ വഴിയും പൊതുജനത്തിന് വേണ്ട awareness നൽകണം.
- ഒരു പോസ്റ്റിന്റെ അടുത്ത് ചെന്നിട്ട് ആ പോസ്റ്റിന്റെ നമ്പർ നൽകിയാൽ ആ പോസ്റ്റിന്റെ ലൊക്കേഷൻ ഉൾപ്പെടെയുള്ള ബാക്കി കാര്യങ്ങൾ identify ചെയ്യാൻ പറ്റുന്ന തരത്തിലുള്ള ഒരു mobile application IT വിങ്ങിൽ നിന്നും develop ചെയ്യണം.
- Unauthorised ആയിട്ടുള്ള Cable TV wires അഴിച്ചുമാറ്റുവാനുള്ള നിർദ്ദേശം ബോർഡ് തലത്തിൽ നിന്നും നൽകണം

ചീഫ് സേഫ്റ്റി കമ്മീഷണർ

- സോളാർ panels സ്ഥാപിക്കുന്നത് licensed contractors നെ കൊണ്ട് വേണം എന്നുള്ള പരാതിയ്ക്ക് മറുപടി നൽകുവാൻ അഭിപ്രായങ്ങൾ വേണം.

ഫീൽഡ് തലത്തിൽ ചർച്ച ചെയ്തിട്ട് അഭിപ്രായം പറയാം എന്ന് CITU പ്രധിനിധി ശ്രീ.സജീവ് കുമാർ അറിയിച്ചു.

- സുരക്ഷയ്ക്ക് ഒരു പ്രത്യേക വിംഗ് വേണം എന്നുള്ളതിനുള്ള നോട്ട് ബോർഡ് തലത്തിൽ വച്ചിട്ടുണ്ട്.
- അസംബ്ലി തലത്തിൽ കമ്മിറ്റി form ചെയ്ത് മൂന്നുമാസത്തിലൊരിക്കൽ യോഗം കൂടണം

എന്ന രീതിയിൽ നോട്ട് വച്ചിട്ടുണ്ട്

- അടുത്ത യോഗത്തിൽ PRD പ്രധിനിധിയെ കൂടി ക്ഷണിക്കാം.
- ഇലക്ട്രിസിറ്റി വർക്കർമാർക്കും കൂടി PPE കിറ്റ് നൽകുവാനുള്ള നിർദ്ദേശം- വിതരണ വിഭാഗം, ബോർഡിൻറെ ശ്രദ്ധയിൽ കൊണ്ടുവരണം.
- സ്കൂൾ പാഠ്യപദ്ധതിയിൽ സുരക്ഷ കൂടി ഉൾപ്പെടുത്തുവാനുള്ള നോട്ട് ബോർഡിനു വെയ്ക്കാം.
- ടച്ചിങ്ങിന് AMC നൽകുന്നത് ഒഴിവാക്കുന്നതിനെ കുറിച്ചും RMU പ്രവർത്തിപ്പിക്കുന്ന രീതിയെ കുറിച്ച് ട്രെയിനിംഗ് നൽകുന്നതിനെ സംബന്ധിച്ചും ഡിസ്ട്രിബ്യൂഷൻ വിഭാഗവുമായി ചേർന്ന് തീരുമാനിക്കാം.
- unauthorised cableTV cable remove ചെയ്യുന്ന പ്രവൃത്തി ഫീൽഡ് തലത്തിൽ തന്നെ മാസ്സ് ആയിട്ട് ചെയ്യാവുന്നതാണ് ആയത് ഡിസ്ട്രിബ്യൂഷൻ വിഭാഗം ബോർഡിന്റെ ശ്രദ്ധയിൽ കൊണ്ട് വരണം.
- ഇലക്ട്രിക് Fencing പരിശോധന APTS നെ കൊണ്ട് നടത്തണം എന്ന നിർദ്ദേശം- ഡിസ്ട്രിബ്യൂഷൻ വിഭാഗം വിജിലൻസ് വിഭാഗവുമായി ചേർന്ന് ആലോചിച്ച തീരുമാനം എടുക്കണം.
- ഡെപ്യൂട്ടി സേഫ്റ്റി കമ്മിഷണർമാർ ആഴ്ചയിൽ ഒരിക്കലെങ്കിലും ചീഫ് സേഫ്റ്റി ഓഫീസർമാരുമായി ചേർന്ന് പരിശോധനകൾ നടത്തണം.

യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി അറിയിച്ച് പകൽ 01.30 ന് യോഗനടപടികൾ അവസാനിച്ചു.

ചീഫ് എഞ്ചിനീയർ (PROJECTS)
& ചീഫ് സേഫ്റ്റി കമ്മീഷണർ

പകർപ്പ് :TA to CMD, KSEBL / TA to D (Distribution, SCM)/
TA to D (HRM,Sports,Welfare, Safety& Quality Assurance) / TA to D (T,SO & Planning) / TA to D(G-E & REES, SOURA) /TA to D(G-C)/
യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും.